## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4979** | **14-03-2023 - ൽ മറുപടിയ്ക്ക്**

## കോതമംഗലം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ മണികണ്ഠൻചാൽ, ബ്ലാവന, ബംഗ്ലാകടവ്, ഇഞ്ചത്തൊട്ടി പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ; | (എ) | 1. മണികണ്ഠൻചാൽ പാലം<br><br>മണികണ്ഠൻചാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 17/06/2021ൽ പൂർത്തീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംങ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പാലവും, അപ്രോച്ച് റോഡും റിസർവ് വന ഭൂമിയിൽ ഉൾപ്പെട്ട് വരുന്നതിനാൽ കേന്ദ്ര വന സംരക്ഷണ നിയമം 1980 പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര സർക്കാറിന്റെ അനുമതി ആവശ്യമാണ്. അതിനായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്ട്രിയുടെ വെബ് സൈറ്റ് മുഖേന ബന്ധപ്പെട്ട പോർട്ടലിൽ (പരിവേഷ്) 25/10/2021 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയുടെ ഹാർഡ് കോപ്പിയുടെ പകർപ്പ് മലയാറ്റൂർ ഡിവിഷണൽ ഫോറസ്ററ് ഓഫീസിലും, എറണാകുളം ജില്ലാ കളക്ടറുടെ ഓഫീസിലും ആവശ്യമായ എല്ലാ രേഖകളും സഹിതം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് 27/07/2022 ന് സംയുക്ത പരിശോധന നടത്തുകയുമുണ്ടായി. പ്രസ്തുത അപേക്ഷ നിലവിൽ വനം വകുപ്പിന്റെ പരിഗണനയിലാണ്.<br><br>2.ബ്ലാവന പാലം<br><br>ബ്ലാവന പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയറുടെ Order No.43/59C/21/14125 dated 12/08/21 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രദേശം റിസർവ് വന ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതിനാൽ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അതിനായി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2022 ലെ ഫോറസ്റ്റ് കൺസർവേഷൻ റൂൾ ഭേദഗതി പ്രകാരം പരിവേഷ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. ബംഗ്ലാവ് കടവ് പാലം<br><br>ബംഗ്ലാവ് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയറുടെ Order No.AS/59C/21/15056 dated 03/11/21 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രദേശം റിസർവ്വ് വനഭൂമിയിൽ ഉൾപ്പെട്ടു വരുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അതിനായി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഒഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും, തുണ്ടത്തിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് 27.12.22 ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2022ലെ ഫോറസ്റ്റ് കൺസർവേഷൻ റൂൾ ഭേദഗതി പ്രകാരം പരിവേഷ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**4. ഇഞ്ചത്തൊട്ടി പാലം**<br><br>ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തികരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി പാലങ്ങൾ ഡിസൈൻ യൂണിറ്റിന് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അനുമതി ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| | | | |

| | | | |
|---|---|---|---|
| (സി) | നടപടികൾ വേഗത്തിലാക്കി എത്രയും പെട്ടെന്ന് പാലം നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ